# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6951

02.11.2011-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂവും, വിജിലൻസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കോഴിക്കോട് സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർ രാധാകൃഷ്ണപിള്ളയ്ക്കെതിരെ രജിസ്റ്റർ ചെയ്ത VC/10/2009 കേസിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ശ്രീ.കെ.രാധാകൃഷ്ണപിള്ള, കോഴിക്കോട് കസബ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ആയിരിക്കവേ പരാതിക്കാരനെ ക്രിമിനൽ കേസിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടി 10,000/-രൂപ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് പി.സി.ആക്ടിന്റെ 7-ാം വകുപ്പ് പ്രകാരം 01.02.2006-ൽ വി.സി.01/2006/കെ.കെ.ഡി നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും 02.02.2006-ൽ ട്രാപ്പ് നടത്താൻ ശ്രമിച്ചപ്പോൾ കുറ്റാരോപിതൻ കൈക്കൂലി തുക 50,000/- രൂപയായി വർദ്ധിപ്പിക്കുകയും തുടർന്ന് ഇടനിലക്കാരൻ ശ്രീ.എ.എം.ഷെറീഫ് മുഖാന്തിരം തുക തവണകളായി നൽകാനും ആദ്യ ഗഡു 10,000/- രൂപ നൽകാനും ആവശ്യപ്പെട്ടു. തുടർന്ന് 03.02.2006-ൽ നടത്തിയ ട്രാപ്പിൽ ശ്രീ.എ.എം.ഷെറീഫ്(കുറ്റാരോപിതൻ-2) കൈക്കൂലി സ്വീകരിച്ചതിനാൽ രണ്ടു പേരെയും അറസ്റ്റു ചെയ്യുകയും ചെയ്തു.കേസന്വേഷണം പൂർത്തിയാക്കി കോഴിക്കോട് വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. പ്രസ്തുതകേസ് സി.സി.10/2009 നംപരായി കോടതിയുടെ പരിഗണനയിലാണ്. |

| | |
|---|---|
| (ബി) പ്രസ്തുത എ.സി.പി.ക്കെതിരെ എന്തെല്ലാം കണ്ടെത്തലുകളാണ് അന്വേഷണ സംഘം നിർദ്ദേശിച്ചതെന്നും പ്രസ്തുത കേസിൽ എന്നാണ് സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകിയതെന്നും വെളിപ്പെടുത്തുമോ; | (ബി) കേസിന്റെ അന്വേഷണത്തിൽ ശ്രീ.കെ.രാധാകൃഷ്ണപിള്ള ഈ കേസിന്റെ പരാതിക്കാരനിൽ നിന്നും ഇടനിലക്കാരനായിരുന്ന ശ്രീ.എ.എം.ഷെരീഫ് (S/o.അബ്ദുക്കുഞ്ഞു, കട്ടംപുറത്ത് ഗാർഡൻസ് ഹൗസ് , കുലശേഖരപുരം, കരുനാഗപ്പള്ളി) മുഖാന്തിരം 10,000/- രൂപ ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്തതായി കണ്ടെത്തുകയും രണ്ടു പേർക്കുമെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. 28.3.2009 -ലെ സർക്കാർ ഉത്തരവ് (സാധാ)നം.75/2009/വിജി. പ്രകാരം സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത കേസിൽ എന്നാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചതെന്നും, പ്രസ്തുത എ.സി.പിക്കെതിരെ നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും, എത്ര ക്രിമിനൽ കേസ്സുകളും,എത്ര വിജിലൻസ് കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ? | (സി)പ്രസ്തുത കേസിൽ 22.8.2009-ൽ കോഴിക്കോട് വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത എ.സി.പിയ്ക്കെതിരെ നാളിതുവരെ എട്ട് (8) പരാതികൾ ലഭിച്ചിട്ടുണ്ട്. ടി ഓഫീസർക്കെതിരെ ഒരു വിജിലൻസ് കേസും, ഒരു ക്രൈം കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ